# പതിനാലാം കേരള നിയമസഭ
# ഇരുപത്തിരണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1030 — 14.01.2021 - ൽ മറുപടിക്ക്

## കോട്ടക്കൽ നിയോജക മണ്ഡലത്തിലെ ചങ്കുവെട്ടി ഇ.എസ്.ഐ ഡിസ്പെൻസറി കെട്ടിടം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | **പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ** | | **ശ്രീ.ടി.പി.രാമകൃഷ്ണൻ (തൊഴിലും എക്സൈസും വകുപ്പുമന്ത്രി)** |
| (എ) | കോട്ടക്കൽ നിയോജക മണ്ഡലത്തിലെ ചങ്കുവെട്ടി ഇ.എസ്.ഐ ഡിസ്പെൻസറിയുടെ പുതിയ കെട്ടിടം നിർമ്മിക്കണമെന്നത് സംബന്ധിച്ച വിഷയത്തിൽ വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; | (എ) | ചങ്കുവെട്ടി ഇ.എസ്.ഐ ഡിസ്പെൻസറിയ്ക്കു പുതിയ കെട്ടിടം നിർമ്മിക്കുന്ന വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. എന്നാൽ നിലവിൽ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഡിസ്പെൻസറിക്ക് അനുയോജ്യമായ മറ്റൊരു വാടക കെട്ടിടം കണ്ടെത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | ജീവനക്കാരുടെയും ഡോക്ടർമാരുടെയും തസ്തികകൾ നികത്തുന്നത് സംബന്ധിച്ച് സ്വീകരിച്ച നടപടികൾ അറിയിക്കുമോ; ഒഴിഞ്ഞ തസ്തികകൾ നികത്തുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | ജീവനക്കാരുടെയും ഡോക്ടർമാരുടെയും ഒഴിവുകൾ നിലവിലില്ല. |
| (സി) | ഇ.എസ്.ഐ ചങ്കുവെട്ടി ഡിസ്പെൻസറിയുമായി ബന്ധപ്പെട്ട മുഴുവൻ ഫയലിന്റെ വിവരങ്ങളും ലഭ്യമാക്കുമോ? | (സി) | കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിലെ ചങ്കുവെട്ടി ഇ.എസ്.ഐ ഡിസ്പെൻസറിയുടെ ശോചനീയാവസ്ഥയും ജീവനക്കാരുടെ കുറവും പരിഹരിക്കണമെന്ന് അഭ്യർത്ഥിച്ച് ബഹു. എം.എൽ.എ (കോട്ടയ്ക്കൽ) സമർപ്പിച്ച നിവേദനം എഫ്2/87/18/തൊഴിൽ നമ്പർ ഫയലായി സർക്കാരിൽ പരിശോധിച്ചു വരുന്നുണ്ട്. വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഡിസ്പെൻസറിക്ക് അനുയോജ്യമായൊരു വാടക കെട്ടിടം |

| | | | |
|---|---|---|---|
| | | | കണ്ടെത്തുന്നതിന് ആവശ്യമായ നിർദ്ദേശം ഇൻഷുറൻസ് മെഡിക്കൽ സർവ്വീസസ് വകുപ്പ് ഡയറക്ടർക്കും ഇ.എസ്.ഐ കോർപ്പറേഷൻ റീജിയണൽ ഡയറക്ടർക്കും സർക്കാർ തലത്തിൽ നൽകിയിട്ടുണ്ട്. അനുയോജ്യമായൊരു കെട്ടിടം നാളിതുവരെ ലഭ്യമായിട്ടില്ല. |

**സെക്ഷൻ ഓഫീസർ**